**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4706** **29-10-2021 - ൽ മറുപടിയ്ക്ക്**

**നിയമവിരുദ്ധ മത്സ്യബന്ധനത്തിനെതിരെ കർശന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലിന്റെ അടിത്തട്ടുവരെ ഊറ്റിയെടുക്കുന്ന തരത്തിൽ ചെറുമത്സ്യങ്ങളെവരെ പിടിച്ചുകൊണ്ടുപോകുന്നതരത്തിലും സാങ്കേതിക സംവിധാനങ്ങളോടെ വലിയ ബോട്ടുകൾ അനധികൃതമായും നിയമവിരുദ്ധമായും മത്സ്യബന്ധനം നടത്തുന്നുണ്ടെന്ന പരാതികൾ കോഴിക്കോട് ജില്ലയിലെ സാധാരണ മത്സ്യത്തൊഴിലാളികളിൽനിന്നും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ജില്ലയിൽ പല ഭാഗത്തു നിന്നും ഇത്തരം അനധികൃതവും നിയമ വിരുദ്ധവുമായ മത്സ്യബന്ധനം നട ക്കുന്നു എന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് കണ്ടെ ത്തുന്നതിനും തടയുന്നതിനുമായി ജില്ല യിലെ കടൽ പട്രോളിംഗ് കൂടുതൽ ശക്തിപ്പെടുത്തുകയും നിയമ ലംഘകർ ക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കടലിലെ മത്സ്യസമ്പത്ത് കുറയാനിടവരുത്തുന്നതും പരസ്പരം സംഘർഷത്തിലേക്ക് നയിക്കുന്നതുമായ ഇത്തരം നിയമവിരുദ്ധ മത്സ്യബന്ധനശൈലിക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | നിയമവിരുദ്ധ മത്സ്യബന്ധന രീതികൾ കണ്ടെത്തുന്നതിനും തടയുന്നതിനു മായി മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും സംയുക്തമായി കടൽ പട്രോളിംഗ് നടത്തുകയും KMFR Act ലംഘിച്ച് അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങൾ കണ്ടുകെട്ടി അവർക്കെതിരെ കർശന മായ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിൽ 2018 മുതൽ 2021 നാളിതുവരെ അനധി കൃതവും നിയമവിരുദ്ധവുമായ ഇത്തരം മത്സ്യബന്ധനം നടത്തിയ 24 മത്സ്യ ബന്ധന യാനങ്ങളെ പിടികൂടി ഇമ്പൗണ്ട് ചെയ്യുകയും 31,80,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം തരത്തിലുള്ള പരിശോധനകൾ ശക്തമാക്കാനും നടപടികൾ സ്വീകരിക്കാനുമാണ് നിർദ്ദേശം നൽകിയതെന്ന് വിശദമാക്കാമോ? | (സി) | നിയമവിരുദ്ധ മത്സ്യബന്ധന രീതികൾ കണ്ടെത്തുന്നതിനും തടയുന്നതിനു മായി മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും സംയുക്തമായി കടൽ പട്രോളിംഗ് നടത്തുകയും KMFR Act ലംഘിച്ച് അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങൾ കണ്ടുകെട്ടി അവർക്കെതിരെ കർശന മായ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിൽ 2018 മുതൽ 2021 നാളിതുവരെ അനധി കൃതവും നിയമവിരുദ്ധവുമായ |

| | | | |
|---|---|---|---|
| | | | ഇത്തരം മത്സ്യബന്ധനം നടത്തിയ 24 മത്സ്യ ബന്ധന യാനങ്ങളെ പിടികൂടി ഇമ്പൗണ്ട് ചെയ്യുകയും 31,80,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ